## കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ്- മെഡിക്കൽ സർട്ടിഫിക്കറ്റ്കൊടുക്കുന്നതിനും മെഡിക്കൽ ബോർഡ് കൂടുന്നതിനുമായി ആരോഗ്യ വകുപ്പിൽ നിലവിലുള്ള ഫീസ് - ആയുർവേദ ഡോക്ടർമാർക്കുകൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ. (കൈ) നം.24/2018/ആയുഷ്. തീയതി, തിരുവനന്തപുരം,6.08.2018

---

പരാമർശം: 1. 30.06.1998 ലെ ജി . ഒ ( എം . എസ് ) 171/98 ആ . കു . വ

2. 20.01.2011 ലെ ജി . ഒ ( എം . എസ് ) 25/2011/ ആ . കു . വ

3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 3.01.2018 ലെ ജി3- 35813/2017 നമ്പർ കത്ത്.

4. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 17.05.2018 ലെ ജി2/2000/2018/ഡി.എ.എം.ഇ നംപർ കത്ത്

**ഉത്തരവ്**

മെഡിക്കൽ സർട്ടിഫിക്കറ്റ്കൊടുക്കുന്നതിനും / മെഡിക്കൽ ബോർഡ് കൂടുന്നതിനുമുള്ള ഫീസ് പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം വ്യക്തമാക്കിയിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത ഉത്തരവ് ആരോഗ്യ വകുപ്പിനെ സംബന്ധിച്ചാകയാൽ ടി ഉത്തരവ് ഭാരതീയ ചികിത്സാ വകുപ്പിലേയും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും ആയുർവേദ ഡോക്ടർമാർക്കുകൂടി ബാധകമാക്കണമെന്ന് പരാമർശം 3,4 എന്നിവ പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1,2 ഉത്തരവുകൾ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റ്കൊടുക്കുന്നതിനും/ മെഡിക്കൽ ബോർഡ് കൂടുന്നതിനും വ്യക്തമാക്കിയിട്ടുള്ള ഫീസ് ഭാരതീയ ചികിത്സാ വകുപ്പിലേയും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും ആയുർവേദ ഡോക്ടർമാർക്കുകൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയകുമാർ.എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)

സ്റ്റോക്ക്ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ